## അദ്ധ്യായം 5

# സഭയും സഭകളും

ഇസ്രായേലിനും സഭയ്ക്കും തമ്മിലുള്ള പ്രധാനപ്പെട്ടതും മൗലികവുമായ വ്യത്യാസങ്ങൾ മനസ്സിലാക്കേണ്ടത് ആവശ്യമായിരിക്കുന്നതുപോലെ തന്നെ പുതിയനിയമത്തിൽ സഭ എന്ന വാക്ക് പ്രയോഗിക്കപ്പെട്ടിരിക്കുന്ന രണ്ട് വ്യത്യസ്ത ക്രിസ്തീയ അർത്ഥങ്ങൾക്കിടയിലെ അന്തരവും നാം മനസ്സിലാക്കേണ്ടത് ആവശ്യമാണ്. മുമ്പ് പരാമർശിച്ചതാണെങ്കിലും അൽപ്പം വിശദമായി ഈ വിഷയം ഇവിടെ പരിശോധിക്കാം.

സഭ എന്ന യാഥാർത്ഥ്യം ഇതുവരെ മറച്ചു വയ്ക്കപ്പെട്ട ഒരു മർമ്മം ആണെന്നും ഇപ്പോൾ അത് മനുഷ്യർക്ക് വെളിപ്പെടുത്തുവാനായി പ്രധാനമായും അപ്പോസ്തലനായ പൗലോസിനെ ഭരമേൽപ്പിച്ചു എന്നുമാണ് പറഞ്ഞിരിക്കുന്നത്. (എഫെ. 3:1–12). എങ്കിലും കർത്താവായ യേശുക്രിസ്തു ജഡശരീരത്തിൽ ഭൂമിയിൽ ആയിരുന്നപ്പോൾ സഭയക്കുറിച്ച് സംസാരിച്ച രണ്ട് അവസരങ്ങൾ പരിശുദ്ധാത്മാവ് നമുക്കുവേണ്ടി രേഖപ്പെടുത്തിയിരിക്കുന്നു. ഈ രണ്ട് അവസരങ്ങളിലും കർത്താവ് ആമുഖമോ വിവരണമോ കൂടാതെ ഈ വാക്ക് ഉപയോഗിച്ചതും ചോദ്യങ്ങൾ കൂടാതെ കേൾവിക്കാർ അത് സ്വീകരിച്ചതും ഈ വിഷയം പരിപൂർണ്ണമായും അപരിചിതമായ ഒന്നായിരുന്നില്ല എന്ന സൂചന നൽകാം. ഇത് വാസ്തവമായിരുന്നാലും പുനരുത്ഥാനം ചെയ്ത കർത്താവ് അപ്പോസ്തലന്മാരും പ്രവാചകന്മാരുമായ തന്റെ ദാസന്മാർ മുഖാന്തിരം സഭയെക്കുറിച്ച് പൂർണ്ണമായ വെളിപ്പാട് നൽകും എന്ന മുൻ ആലോചനപ്രകാരം ഈ രണ്ട് അവസരങ്ങൾ മാത്രമെ വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. കർത്താവ് ഇപ്രകാരം യഥാവസരത്തിൽ അറിവാക്കപ്പെട്ട ഈ വിഷയത്തിന്റെ താക്കോൽ മുൻകൂട്ടി നൽകുകയായിരുന്നു എന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. കാരണം ഈ രണ്ട് അവസരങ്ങളിൽ വ്യക്തമായ രണ്ട് വ്യത്യസ്ത അർത്ഥങ്ങളിലാണ് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ഇത് നമുക്ക് ഈ വിഷയത്തിനു വേണ്ട ശ്രദ്ധേയമായ അവതാരിക നൽകുന്നു. പിന്നീട് ക്രിസ്തീയ അർത്ഥത്തിൽ എവിടെയൊക്കെ ഈ വാക്ക് ഉപയോഗിക്കപ്പെട്ടിട്ടുണ്ടോ അവിടെയെല്ലാം കർത്താവ് തന്നെ ഈ വാക്കിന് നൽകിയ ഈ രണ്ടർത്ഥങ്ങളിൽ ഒന്നിലാണ് ഉപയോഗിച്ചിരിക്കുന്നത് എന്ന് കാണുവാൻ കഴിയും.

മത്തായിയുടെ സുവിശേഷം 16–ാം അദ്ധ്യായത്തിൽ ഒരു ദൈവിക പ്രവർത്തി എന്നർത്ഥത്തിൽ **എന്റെ സഭ** എന്നാണ് കർത്താവ് സഭയെക്കുറിച്ച് പറയുന്നത്. (*ഞാൻ എന്റെ സഭയെ പണിയും* മത്താ. 16:18). അതുകൊണ്ടു തന്നെ സഭയെ പൂർണ്ണവും അജയ്യവുമായിട്ടാണ് കാണുന്നത്. പാതാള ശക്തികൾക്ക് അതിനെ ജയിക്കുവാൻ കഴിയുകയില്ല. ഈ അർത്ഥത്തിലാണ് എഫെസ്യ ലേഖനത്തിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. അവിടെ നാം സഭയെക്കുറിച്ച് *എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്ക് കൊടുക്കയും ചെയ്തിരിക്കുന്നു* എന്നു വായിക്കുന്നു. (എഫെ. 1: 22, 23). കൂടാതെ *ക്രിസ്തുവും സഭയെ സ്നേഹിച്ചു.... അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനു കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്ക്കളങ്കയുമായി തന്നിക്കു തന്നെ തേജസ്സോടെ മുന്നിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചുകൊടുത്തു* എന്നും പറഞ്ഞിരിക്കുന്നു. (എഫെ. 5:2–27) ഈ രണ്ടു തിരുവചനഭാഗങ്ങളിൽ സഭയെ ക്രിസ്തുവിന്റെ ശരീരം, ക്രിസ്തുവിന്റെ മണവാട്ടി എന്നീ ദൃഷ്ടാന്തങ്ങളിൽ ദൈവീകമായി പരിപൂർണ്ണതയുള്ളതായിട്ടാണ്

പ്രദർശിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടുപണി (കെട്ടിടം) എന്ന നിലയിൽ ഇതിനെ രണ്ടാം അദ്ധ്യായത്തിൽ നമുക്ക് മുമ്പാകെ കൊണ്ടുവന്നിരിക്കുന്നു. ദൈവമുമ്പാകെ, യഹൂദനായാലും യവനനായാലും, ക്രിസ്തുവിന്റെ പ്രവർത്തി മുഖാന്തിരം അവന്റെ മരണം, അടക്കം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവയിൽ സുവിശേഷത്താൽ പങ്കാളികളായിത്തീർന്ന വർത്തമാന യുഗത്തിലെ വിശ്വാസികളുടെ നില ഇത്തരത്തിലുള്ളതാണ്. (എഫെ. 3:6–8). ഇത് ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിനെ (മത്തായി 16:13) വിശ്വാസത്താൽ സ്വീകരിക്കുന്ന എല്ലാവരുടെയും കൈയ്യേറ്റം ചെയ്യപ്പെടാൻ കഴിയാത്ത പങ്കാണ്. അതുകൊണ്ടു തന്നെ അവർ സഭ പണിയപ്പെട്ടിരിക്കുന്ന ഇളക്കുവാൻ കഴിയാത്ത അടിസ്ഥാനത്തിന്മേൽ വയ്ക്കപ്പെട്ടിരിക്കുകയാണ്.

അങ്ങനെയിരിക്കെ കർത്താവായ യേശുക്രിസ്തു രണ്ടാമതൊരിക്കൽ കൂടി മാത്രം ഈ വാക്ക് ഉപയോഗിച്ച അവസരത്തിൽ താൻ ഇത് പാപത്തോടും അച്ചടക്കനടപടിയോടും ഉള്ള ബന്ധത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് എന്നത് എത്രയോ സാരഗർഭിതമാണ്. ഇപ്രകാരം നാം മത്തായി 16–ൽ അഭേദ്യവും കുറ്റമറ്റതുമായ ദൈവിക പ്രവർത്തി കാണുമ്പോൾ മത്തായി 18–ൽ മാനുഷിക ഉത്തരവാദിത്വവും വീഴ്ചയും കാണുന്നു. പാപം സഭയെ മലിനമാക്കിയിരിക്കയാൽ അത് സഭയിൽ വ്യാപിക്കാതിരിക്കേണ്ടതിന് വിധിക്കപ്പെടേണം. (വെളിപ്പാട് 2:6, 3:16 ൽ പറഞ്ഞിരിക്കുന്നതുപോലെ). പാപം ചെയ്ത സഭാംഗത്തെ നീക്കിക്കളയുക വഴി മാത്രമേ സഭയുടെ സാക്ഷ്യം കാത്തുസൂക്ഷിക്കുവാനും, അതിന്റെ നിലനിൽപ്പ് ഉറപ്പാക്കുവാനും സാധിക്കുയുള്ളൂ. ഇതെല്ലാം മത്തായി 16–ൽ സഭയെക്കുറിച്ചു പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് നേർ വിപരീതമാണ്. വാസ്തവം എന്തെന്നാൽ, മത്തായി 18–ൽ പറഞ്ഞിരിക്കുന്ന സഭ വർത്തമാന യുഗത്തിൽ വീണ്ടെടുക്കപ്പെട്ട സകല വിശുദ്ധന്മാരുടെയും കൂട്ടമല്ല പകരം ഒരു പ്രത്യേക സ്ഥലത്ത് കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ കൂട്ടിവരപ്പെട്ട ക്രിസ്ത്യാനികളുടെ സംഘം ആണ്. ഇത്തരത്തിലുള്ള ഒരു സഭയെ അഭിസംബോധന ചെയ്യാം. (*സഭയോട് അറിയിക്ക*). ഇത്തരം ഒരു സഭയ്ക്ക് ഏക ശബ്ദത്തിൽ സംസാരിക്കുവാൻ കഴിയും (*സഭയെയും കൂട്ടാക്കാഞ്ഞാൽ*). ഇവയെല്ലാം സുവ്യക്തമാണ്. സഭ എന്ന വാക്ക് ഉപയോഗിക്കപ്പെട്ടിരിക്കുന്ന രീതിയുടെ ഈ വ്യക്തമായ അന്തരം പുതിയ നിയമത്തിലുടനീളം കാണുവാൻ കഴിയും. എവിടെയൊക്കെ ഈ വാക്ക് ഉപയോഗിക്കപ്പെട്ടിരിക്കുന്നുവോ അവിടെയെല്ലാം അത് ഒന്നുകിൽ ഈ യുഗത്തിൽ രക്ഷിക്കപ്പെട്ട സകലരുടേയും സമൂഹത്തെ അല്ലെങ്കിൽ ദൈവിക മാതൃകപ്രകാരം ഏതെങ്കിലും പ്രത്യേക സ്ഥലത്ത് കൂടിവരപ്പെട്ട വിശ്വാസികളുടെ കൂട്ടത്തെ കാണിക്കുന്നു.

യഹൂദ സാഹചര്യത്തിൽ **സംഘം**, **സഭ** എന്നീ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നതിൽ ഇപ്രകാരം ഒരു ദ്വയാർത്ഥ പ്രയോഗം പഴയ നിയമത്തിൽ കാണുവാൻ കഴിയും എന്നത് ശ്രദ്ധിക്കേണ്ടതാണ്. പ്രായേണ ഉപയോഗിച്ചിരിക്കുന്ന രണ്ട് എബ്രായ വാക്കുകൾ *ഈഡാ* യും (ഈ വാക്കിന്റെ ഉത്ഭവം *നിയമിക്കുക* എന്നർത്ഥം വരുന്ന ഒരു വാക്കിൽ നിന്നാണ്) *ക്വഹൽ* ഉം (വിളിച്ചു കൂട്ടപ്പെട്ട ഒരു സഭ) ആണ്. വിളിച്ചു കൂട്ടപ്പെട്ടൊ അല്ലാതെയൊ ഇസ്രായേൽ രാഷ്ട്രത്തെ മൊത്തത്തിൽ കാണിക്കുവാനായിട്ടാണ് ആദ്യത്തെ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. (ഉദാ: സംഖ്യാ. 1:2, 20:1). രണ്ടാമത്തെ വാക്ക് എപ്പോഴും ഒരു പ്രത്യേക സ്ഥലത്തൊ സമയത്തൊ വിളിച്ചു കൂട്ടപ്പെട്ട പ്രത്യേക കൂടിവരവിനെ കാണിക്കാവാനായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. (ഉദാ: ആവർ. 9:10, ന്യായാ. 21:8). പഴയ നിയമത്തിന്റെ ഗ്രീക്ക് തർജ്ജിമയായ സെപ്റ്റുവജിന്റിൽ **എക്ലീസിയ** എന്ന വാക്കാണ്

രണ്ടാമത്തെ വാക്കിന് (ക്വഹൽ) ഉപയോഗിച്ചിരിക്കുന്നത്. ( ഈ വാക്കാണ് സഭ എന്നതിന് പുതിയനിയത്തിൽ പൊതുവെ ഉപയോഗിച്ചിരിക്കുന്നത്). എന്നാൽ ആദ്യത്തെ വാക്ക് (ഈഡാ) എക്ലീസിയ എന്ന് സെപ്റ്റുവജിന്റിൽ ഒരിടത്തു തർജ്ജിമ ചെയ്തിട്ടില്ല. എന്നാൽ യെഹുദനോടുള്ള ബന്ധത്തിൽ അപ്പൊ. 7:38–ൽ *എക്ലീസിയ* എന്ന് കാണുന്നത് രണ്ടാമത്തെ വാക്കിനേക്കാൽ ആദ്യത്തെ വാക്കിനോടുള്ള ബന്ധത്തിലാണ്. (*ഈഡാ* സംഘം, മൊത്തം രാഷ്ട്രം) താൽപ്പര്യം ഉളവാക്കുന്നതായതുകൊണ്ടാണ് ഈ വിഷയം ഇവിടെ അവതരിപ്പിച്ചത്. എങ്കിലും എപ്രകാരം പുതിയനിയമത്തിൽ സഭ എന്ന വാക്കിന്റെ ദ്വയാർത്ഥ പ്രയോഗത്തിന് നിശ്ചയമായും ഇത് നമ്മെ ഒരുക്കി എന്നു കാണുവാൻ കഴിയും.

ഇനി മത്തായി 18:17 ൽ വിവേചക ഭേദകത്തിന്റെ (Definite article 'THE') സാന്നിദ്ധ്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുവാൻ ആഗ്രഹിക്കുന്നു. *സഭയോട് അറിയിക്ക*; *സഭയെയും കൂട്ടാക്കാഞ്ഞാൽ*, ഉറപ്പായും ഇവിടെ ദുർഗ്രാഹ്യവും അനുബന്ധകവുമായി മറഞ്ഞിരിക്കുന്ന യാതൊരു അർത്ഥവുമില്ല. സ്ഥലം സഭ, സഭയുടെ സ്വഭാവം ഉൾക്കൊള്ളുന്ന, സഭയുടെ പ്രതിരൂപമായ, സഭയെ പ്രതിനിധീകരിക്കുന്ന, സഭയുടെ ഒരംശം അല്ല. പകരം സ്പഷ്ടമായും, തിട്ടമായും സഭയാണ്. പുതിയനിയമത്തിൽ കാണപ്പെടുന്ന **സഭകൾ** എന്ന ബഹുവചന പ്രയോഗത്തിന്റെ ബാഹുല്യം ഈ വസ്തുത ഊന്നിക്കാണിക്കുന്നു. (ഉദാ. അപ്പൊ. 15:41, 1 കൊരി. 11:16, 16:1) ഇത്തരത്തിലെ ഓരോ സംഘവും സഭയാണ്. ഒരു ജില്ലയിൽ ഇപ്രകാരമുള്ള ഒരു സംഘമേ ഉള്ളൂ എങ്കിൽ ആ സംഘം ആ ജില്ലയിലെ സഭയാണ് (ഉദാ. 1 കൊരി. 1:2). മത്തായി 16–ൽ കൃപായുഗത്തിലെ സകല വിശ്വാസികളേയും കാണിക്കുവാനായി സഭ എന്ന് പറഞ്ഞിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായിട്ടാണ് 18–ാം അദ്ധ്യായത്തിൽ സഭ വാക്ക് ഉപയോഗിച്ചിരിക്കുന്നത് എന്നത് വളരെ വ്യക്തമാണ്. ആകയാൽ സ്ഥലം സഭ എന്നത് മൊത്തം സഭയുടെ സ്വഭാവം ഉള്ള ഒരംശം മാത്രം അല്ല എന്നും ഇവിടെ പറഞ്ഞിരിക്കുന്നത് പോലെ സ്പഷ്ടമായും, തിട്ടമായും സഭ എന്ന വാക്കിന് മറ്റൊരു അർത്ഥതലം കൂടി ഉണ്ട് എന്നും നാം അറിഞ്ഞിരിക്കണം.

സ്ഥലം സഭ ഒരു പ്രദേശത്തെ മുഴുവൻ വിശ്വാസികളുടെയും ആകെത്തുക പോലെ നിഗൂഢവും ഭാവനാപരവുമായ ഒരു ആശയം അല്ല. പകരം തീർച്ചപ്പെടുത്തുവാനും തിരിച്ചറിയുവാനും കഴിയുന്ന ഒരു സംഘമാണ്. ആ സംഘത്തോട് സംവദിക്കുവാനും അവർക്ക് ഒറ്റക്കെട്ടായി സംസാരിക്കുവാനും കഴിയും. കർത്താവ് സ്വയം സ്ഥലംസഭയ്ക്ക് നിർവ്വചനം നൽകി; ഇത് അവന്റെ നാമത്തിൽ കൂടിവരപ്പെട്ട വിശുദ്ധന്മാരുടെ ഒരു സംഘമാണ് (മത്താ. 18:20). തന്നിഷ്ടപ്രകാരം *ദൈവത്തിന്റെ സഭകൾക്ക്* പകരം കർത്താവിന്റെ നാമം ധരിച്ചുകൊണ്ട് ദൈവിക മാതൃക പ്രകാരമല്ലാതെ അവരുടേതായ മാനുഷിക മാതൃക പ്രകാരം കൂടി വരുന്ന പലതരത്തിലുള്ള ഓരോ ബദലുകൾ സൃഷ്ടിക്കുവാൻ മനുഷ്യനെ അനുവദിക്കുന്നതിനു മുമ്പ് നാം ഇപ്രകാരം വായിക്കുന്നു, ***വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു*** (അപ്പൊ. 2:44). പുതിയ നിയമ കാലയളവിൽ ഇത് പൊതുവായ സത്യം ആയിരുന്നു. ഇന്നും ദൈവത്തിന്റെ മനസ്സ് ഇതു തന്നെയാണ്. എന്നാൽ ഹാ! കഷ്ടം, ഇന്നിത് പ്രാവർത്തികമായി പിന്തുടരുന്നില്ല. ചില വിശ്വാസികൾ യാതൊരു സഭാ സാക്ഷ്യവും ഇല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നു. മറ്റു ചിലർ കർത്താവ് തന്റെ നാമത്തിൽ നൽകിയിരിക്കുന്ന മാതൃക പ്രകാരം അല്ലാതെ കൂടിവരുന്ന കൂട്ടങ്ങളോടു ചേർന്നു പോകുന്നതിൽ സംതൃപ്തർ ആയിരിക്കുന്നു. മറ്റു ചിലർ ദൈവ വചന മാതൃക പ്രകാരം ഉള്ള കൂട്ടങ്ങൾ ഉണ്ടായിട്ടും ഒരു സഭയോടും ചേർന്ന് പോകുവാൻ മനസ്സിലാത്തവരായി നടക്കുന്നു. ഇവരെല്ലാം യഥാർത്ഥ വിശ്വാസികൾ ആണ്, സ്വർഗ്ഗീയ വിളിയാൽ വിളിക്കപ്പെട്ടവരാണ്. മത്തായി 16–ൽ വെളിപ്പെടുത്തിയിരിക്കുന്ന സഭയിൽ

ഉള്ളവരുമാണ്. പക്ഷെ അപ്പോൾ തന്നെ മത്തായി 18-ൽ വെളിപ്പെടുത്തിയിരിക്കുന്നതിൻ പ്രകാരമുള്ള സഭയിൽ അവർ ഉൾപ്പെടുന്നില്ല. രണ്ടാമത് പറഞ്ഞിരിക്കുന്ന സഭയിൽ ഉൾപ്പെടുവാൻ കേവലം വിശ്വസിച്ചാൽ മാത്രം പോരാ, കൂടിവരികയും വേണം. കേവലം കൂടിവന്നാൽ മാത്രം പോരാ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ കൂടി വരപ്പെടേണം. ഒരു സ്ഥലം സഭയുടെ കൂട്ടായ്മയായിലായിരിക്കുക എന്നത് ക്രിസ്തുവിലുള്ള നമ്മുടെ നിലയുടെ കാര്യം മാത്രം അല്ല പകരം കർത്താവിനോടുള്ള നമ്മുടെ ക്രിയാത്മക കൂറിന്റെയും ദൈവ വചനത്തോടുള്ള അനുസരണത്തിന്റെയും കാര്യമാണ്.

മത്തായി 18-ന്റെ ശ്രദ്ധയോടും പ്രാർത്ഥനയോടും കൂടിയ പഠനം ഒരു വശത്ത് സഭയുടെ സാമൂഹിക സാക്ഷ്യത്തോടുള്ള ബന്ധത്തിൽ വ്യക്തമായ ദൃഢവിശ്വാസവും കാഴ്ചപ്പാടും ഉണ്ടായാൽ ഉണ്ടാകാവുന്ന അസൗകര്യമായ സാഹചര്യങ്ങളെ ഒഴിവാക്കുവാൻ ആഗ്രഹിക്കുന്നവരുടെ അവ്യക്തവും ഒഴികഴിവ് പരമായ സാമാന്യവൽക്കരണങ്ങളിൽ നിന്നും നമ്മെ സൂക്ഷിക്കുമ്പോൾ മറുവശത്ത് ക്രിസ്തീയ ഗോളത്തിലെ മനുഷ്യനിർമ്മിതമായ സമിതികളോടും സമ്പ്രദായങ്ങളോടുമുള്ള ചങ്ങാത്തം മൂലം വീക്ഷണങ്ങൾ രൂപപ്പെട്ടവരുടെ സംഘടനാപരവും സ്ഥാപനപരവുമായ ധാരണകളിൽ നിന്നും നമ്മെ സംരക്ഷിക്കും. ഈ വിഷയത്തോടുള്ള ദൈവിക സത്യം നാം കണ്ടെത്തും. മറ്റൊന്നും അഭ്യസിക്കപ്പെട്ട വിശ്വാസിയെ തൃപ്തിപ്പെടുത്തുകയില്ല.

ചിലർ, ഇത് വാസ്തവമാണ്, മറ്റ് അർത്ഥങ്ങളിലും പുതിയ നിയമത്തിൽ സഭ എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ടെന്ന് ശഠിക്കാറുണ്ട്. എന്നാൽ കർത്താവ് സ്വയം ഈ രണ്ട് അർഥത്തിൽ മാത്രമേ ഈ വാക്ക് ഉപയോഗിച്ചിട്ടുള്ളൂ എന്നത് അനിഷേധ്യമാണ്. ഈ സുപ്രധാന സത്യം ശരിയായ രീതിയിൽ നാം മനസ്സിലാക്കേണ്ടതിന് ദൈവം തന്റെ ബുദ്ധിയിൽ നൽകിയ താക്കോലാണിതെന്ന് വിശ്വസിക്കാതിരിക്കാൻ തരമില്ല. ഈ രണ്ട് അർത്ഥങ്ങളിൽ ഒന്നിലായിട്ടല്ലാതെ തൃപ്തികരമായി മനസ്സിലാക്കുവാൻ പ്രയാസമുള്ള മറ്റൊരു രീതിയിൽ പിന്നീട് ഒരിടത്തും ഈ വാക്ക് ഉപയോഗിക്കപ്പെട്ടിട്ടില്ല.

എന്നിരുന്നാലും രണ്ട് വ്യത്യസ്ത അർത്ഥങ്ങളിൽ ഒരു വാക്ക് ഉപയോഗിച്ചിരിക്കുന്നു എങ്കിൽ ഒറ്റ വാക്കിൽ രണ്ട് അർത്ഥങ്ങൾ ഉൾക്കൊള്ളിച്ചതിനു പിന്നിൽ വ്യക്തമായ കാരണം ഉണ്ടായിരിക്കണം. ദൈവാത്മാവിന് വേണമെങ്കിൽ രണ്ട് വ്യത്യസ്ത വാക്കുകൾ ഉപയോഗിക്കാമായിരുന്നു. അതുകൊണ്ടുതന്നെ ഇതിൽ മർമ്മപ്രധാനമായ പരസ്പരബന്ധം വെളിപ്പെടുത്തുന്ന വസ്തുതകൾ ഉണ്ടെന്ന് വ്യക്തമാണ്.

ഓരേ തരത്തിലെ ദൃഷ്ടാന്തങ്ങൾ രണ്ടിനും ഉപയോഗിച്ചിരിക്കുന്നതിൽ ഇത് വീണ്ടും തെളിവായിരിക്കുന്നു. സഭ എന്ന വിഷയത്തെ വർത്തമാന യുഗത്തിൽ വീണ്ടെടുക്കപ്പെട്ട സകല വിശ്വാസികളും ഉൾപ്പെടുന്ന മുഴുവൻ സംഘത്തെ, കർത്താവ് കെട്ടിടത്തോട് ഉപമിച്ച് അവതരിപ്പിക്കുന്നു (മത്തായി 16:18) എങ്കിൽ സ്ഥലം സഭയെയും കെട്ടിടമായി പറഞ്ഞിരിക്കുന്നു (1കൊരി. 3:9). ഈ യുഗത്തിലെ സഭയെ മണവാട്ടിയായി ചിത്രീകരിക്കുന്നു (എഫെ. 5:2-27) എങ്കിൽ സ്ഥലം സഭയെയും മണവാട്ടിയായി പറഞ്ഞിരിക്കുന്നു (2 കൊരി. 11:2). ഈ യുഗത്തിലെ സഭയെ *അവന്റെ ശരീരമായ സഭ* എന്നു പറഞ്ഞിരിക്കുന്നതു പോലെ (എഫെ. 1:22, 23) സ്ഥലം സഭയെക്കുറിച്ചും പൗലോസ് നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു എന്നു പറയുന്നു. (1കൊരി. 12:27). അവസാനം പറഞ്ഞിരിക്കുന്ന വാക്യത്തിൽ നിശ്ചയവിവേചക ഭേദകം ഉപയോഗിച്ചിട്ടില്ല എന്ന് ശ്രദ്ധിക്കേണം. കൊരിന്തിലെ സ്ഥലം സഭ ക്രിസ്തുവിന്റെ ഏകശരീരമായ സഭയല്ല പകരം സ്വഭാവത്തിൽ ക്രിസ്തുവിന്റെ ശരീരം ആയിരുന്നു.

സന്ദർഭങ്ങൾക്കനുസരിച്ച് പൂർണ്ണയുഗത്തിലെ സഭയോടുള്ള ബന്ധത്തിലും സ്ഥലംസഭയോടുള്ള ബന്ധത്തിലും ഉപയോഗിച്ചിരിക്കുന്ന ദൃഷ്ടാന്തങ്ങളുടെ പ്രയോഗത്തിൽ വ്യത്യാസങ്ങൾ ഉണ്ട്. ഈ വ്യത്യാസങ്ങൾ സത്യത്തിന്റെ ഏതു വശമാണൊ അവതരിക്കപ്പെടുന്നത് അതിനോട് അനുബന്ധിച്ചാണിരിക്കുന്നത്. എങ്കിലും ഒരേ ദൃഷ്ടാന്തങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

ഇതു കാരണം ഒരു പ്രത്യേക ദൈവവചനഭാഗത്ത് സത്യത്തിന്റെ ഏതു വശമാണ് അവതരിക്കപ്പെട്ടിരിക്കുന്നത് എന്ന് നിർണ്ണയിക്കുന്നതിൽ വളരെ നല്ല, നിരാമയരായ സഹോദരന്മാർക്കിടയിലും ഭിന്നത ഉണ്ട്. ഉദാഹരണത്തിന് ചിലർ എഫെ. 2–ന്റെ അവസാനത്തിലും, 1 പത്രൊസ് രണ്ടിലും പറഞ്ഞിരിക്കുന്ന കെട്ടിടം ഈ യുഗത്തിലെ സഭയാണെന്ന് വിശ്വസിക്കുമ്പോൾ മറ്റുള്ളവർ ഇവ രണ്ടും സ്ഥലം സഭയെക്കുറിച്ചാണെന്ന് വിശ്വസിക്കുന്നു. ഇത്തരം വ്യഖ്യാന വിഷയങ്ങളിൽ താഴ്മയും സംയമനവും ആവശ്യമാണ്.

എന്നു വരികിലും, ഉപദേശപരമായും പ്രാവർത്തികമായും ഈ യുഗത്തിലെ സഭയും സ്ഥലം സഭയും തമ്മിലുള്ള അന്തരം വളരെ പ്രാധാന്യമുള്ളതാണ്. അതുകൊണ്ടു തന്നെ ഈ രണ്ട് അടിസ്ഥാന വേദഭാഗങ്ങളും, മത്തായി 16–ഉം 18–ഉം, അൽപ്പം കൂടി അടുത്ത് വിശദമായി പഠിക്കേണ്ടത് ആവശ്യമാണ്. ദൈവേഷ്ടമെങ്കിൽ അടുത്ത രണ്ട് അദ്ധ്യായങ്ങളിൽ നാമിത് ഈ ക്രമത്തിൽ ചെയ്യും.

---------------